# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1192 10.08.2017 -ൽ മറുപടിക്ക്

### അന്യസംസ്ഥാനങ്ങളിൽ പഠിച്ചു വരുന്ന വിദ്യാർത്ഥികളുടെ മലയാള ഭാഷാപഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | അന്യസംസ്ഥാനങ്ങളിലെ സ്കൂളുകളിൽ പഠിച്ചു വരുന്ന വിദ്യാർത്ഥികൾ കേരളത്തിലെ സ്കൂളുകളിലേയ്ക്ക് പ്രവേശനം നേടി വരുമ്പോൾ മലയാള ഭാഷാപഠനം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി | ഇത്തരം വിദ്യാർത്ഥികളുടെ പഠന നിലവാരം കുറയാതിരിക്കുവാൻ ഇവർക്ക് ഇംഗ്ലീഷ് പ്രത്യേക വിഷയമായി പഠനം നടത്തുന്നതിനും പരീക്ഷ എഴുതുന്നതിനും അനുവാദം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ; | ബി | ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശ രാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്ത് വന്ന് സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് അതത് ക്ലാസ്സുകളിലെ പാഠ്യപദ്ധതി പ്രകാരമുള്ള മലയാളഭാഷാധ്യയനം സാധ്യമാക്കുവാൻ കഴിയാത്ത സാഹചര്യമുള്ള പക്ഷം അങ്ങനെ യുള്ള വിദ്യാർത്ഥികളെ നിലവിലുള്ള പാഠ്യപദ്ധതി പ്രകാരമുള്ള പത്താംതരം പരീക്ഷയിൽ നിന്ന് ഒഴിവാക്കുന്നതാണെന്നും എന്നാൽ ഇവരെ എസ്.സി.ഇ.ആർ.ടി തയ്യാറാക്കുന്ന മലയാള പാഠപുസ്തകം പഠിപ്പിക്കണമെന്നും"മലയാളഭാഷാ പഠന ആക്റ്റിൽ" വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള വിദ്യാർത്ഥിക |

| | | | |
|---|---|---|---|
| | | | ൾക്ക് മലയാളത്തിനു പകരം സ്പെഷ്യൽ ഇംഗ്ലീഷ്/അഡീഷണൽ ഇംഗ്ലീഷ് പഠിച്ച് പത്താംതരം പരീക്ഷ എഴുതുന്നതിന് സർക്കാർ പ്രത്യേകാനുമതി നൽകുന്നുണ്ട്. |
| സി | ഇപ്രകാരം വരുന്ന അപേക്ഷകളിൽ ക്ലാസ്സ് ഭേദമില്ലാതെ പഠനം നടത്തുന്നതിനും പരീക്ഷ എഴുതുന്നതിനും വിദ്യാർത്ഥികളെ സഹായിക്കുന്ന നടപടികൾ സ്വീകരിക്കുമോ? | സി | പത്താം തരത്തിലാണ് ഇത്തരം വിദ്യാർത്ഥികൾക്ക് നിലവിൽ മലയാളത്തിന് പകരം ഇംഗ്ലീഷ് പഠിക്കാൻ സർക്കാർ അനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ